# കേരള സർക്കാർ
## ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
### ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ

## പത്രക്കുറിപ്പ്
**2020 മെയ് 07 വ്യാഴം**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**www.prd.kerala.gov.in.**
**videos: http://www.clipmail.kerala.gov.in**
**email: diothrissur@gmail.com**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## പാർട്ട് - 1

## മഴക്കാല മുന്നൊരുക്കം തുടങ്ങി; ദുരന്ത സാഹചര്യം നേരിടാൻ നടപടി

കഴിഞ്ഞ രണ്ട് വർഷങ്ങളിലെ വെള്ളപ്പൊക്കത്തിന്റെ അനുഭവങ്ങളുടെ അടിസ്ഥാനത്തിൽ, വരുന്ന മഴക്കാല കെടുതികൾ നേരിടുന്നതിന് ദുരന്തനിവാരണ നിയമപ്രകാരം സത്വരനടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടർ ഉത്തരവിട്ടു.

പൊതുസ്ഥലങ്ങളിൽ അപകടകരമായ വിധത്തിൽ സ്ഥിതി ചെയ്യുന്ന മരങ്ങളും ശിഖരങ്ങളും നീക്കം ചെയ്യുന്നതിന് ദേശീയപാത, പൊതുമരാമത്ത് വകുപ്പുകൾക്കും തദ്ദേശസ്ഥാപനങ്ങൾക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വകാര്യ ഭൂമിയിലുള്ള അപകടഭീഷണിയുയർത്തുന്ന മരങ്ങളും ശിഖരങ്ങളും അവയുടെ ഉടമസ്ഥർ നീക്കം ചെയ്യണം. സ്ഥലം പരിശോധിച്ച ശേഷം തദ്ദേശസ്ഥാപനങ്ങൾ നോട്ടീസ് നൽകും. സ്വകാര്യഭൂമിയിൽ മരങ്ങൾ നീക്കം ചെയ്യാത്തതുമൂലമുള്ള നാശനഷ്ടങ്ങൾക്ക് ഉത്തരവാദിത്വം അവയുടെ ഉടമകൾക്കായിരിക്കും.

ജീർണ്ണാവസ്ഥയിലായ ഇലക്ട്രിക്ക് പോസ്റ്റുകൾ കെഎസ്ഇബി മാറ്റി സ്ഥാപിക്കും. പാതയോരങ്ങളിൽ അപകടഭീഷണി ഉയർത്തുന്ന ട്രാൻസ്ഫോർമറുകളും ഇലക്ട്രിക്ക് പോസ്റ്റുകളും പുന:സ്ഥാപിക്കും. അപകടാവസ്ഥയിലുള്ള കെട്ടിടങ്ങളുടെ സുരക്ഷാപരിശോധന തദ്ദേശസ്ഥാപനങ്ങളും ടൗൺ പ്ലാനിംഗ് വകുപ്പും നടത്തും. ഫിറ്റ്നസ് ഇല്ലാത്ത കെട്ടിടങ്ങൾക്കെതിരെ കെട്ടിട നിർമ്മാണ ചട്ടപ്രകാരം നടപടി സ്വീകരിക്കും. റോഡുകളിലെ കുഴികൾ അടക്കും. തോടുകളിലെ നീരൊഴുക്കിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യാൻ ഇറിഗേഷൻ വകുപ്പിനും കെഎൽഡിസിക്കും നിർദ്ദേശം നൽകി. ഗതാഗത തടസ്സം സൃഷ്ടിക്കുന്ന ബാനറുകളും ബോർഡുകളും നീക്കം ചെയ്യും. ജില്ലയിലെ ഡാമുകൾ, റഗുലേറ്ററുകൾ എന്നിവയുടെ ഷട്ടറുകൾ അറ്റകുറ്റപ്പണികൾ പൂർത്തിയാക്കി പ്രവർത്തനക്ഷമമാക്കും. മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ ഭീഷണി നേരിടുന്ന പ്രദേശങ്ങളിൽ നിന്ന് തദ്ദേശവാസികളെ മാറ്റിതാമസിപ്പിക്കും. ദുരന്തനിവാരണ പ്രവർത്തനങ്ങൾക്കായുള്ള ബോട്ട്, വഞ്ചി മുതലായവ മുൻകൂട്ടി സജ്ജീകരിക്കും.

ദുരിതാശ്വാസക്യാമ്പുകളായി സ്കൂളുകൾ പ്രവർത്തിക്കേണ്ട സാഹചര്യമുണ്ടായാൽ ഇറിഗേഷൻ വൈദ്യുതി വകുപ്പുകൾ 36 മണിക്കൂർ മുൻപ് ജില്ലാ ദുരന്തനിവാരണ അതോറിറ്റിയെ അറിയിക്കണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഉപയോഗിക്കാത്ത പാറമടകൾ വേലികെട്ടി സുരക്ഷിതമാക്കും. മുന്നൊരുക്ക പ്രവർത്തനങ്ങൾ കോവിഡ് മാർഗ്ഗനിർദ്ദേശം പാലിച്ച് നടപ്പിൽ വരുത്തണമെന്നും ജില്ലാ കളക്ടറുടെ ഉത്തരവിൽ പറയുന്നു. 7 താലൂക്കുകളിലും പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിക്കുന്നതിനായി ഡെപ്യൂട്ടി കളക്ടർമാരെ ചുമതലപ്പെടുത്തിയതായും ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു.

# ലൈഫ് മിഷൻ വീടുകളുടെ നിർമ്മാണം പുനരാരംഭിച്ചു

കോവിഡ് പ്രതിരോധ നിയന്ത്രണങ്ങളിൽ ഇളവ് പ്രഖ്യാപിച്ചതോടെ ജില്ലയിലെ ലൈഫ് മിഷൻ വീടുകളുടെ നിർമ്മാണം പുനരാരംഭിച്ചു. ജില്ലയിലെ വിവിധ ഭാഗങ്ങളിലായി 315 ലൈഫ് മിഷൻ ഗുണഭോക്താക്കളുടെ വീട് നിർമ്മാണമാണ് പുനരാരംഭിച്ചത്. കോവിഡ് 19 പ്രതിരോധ പ്രവർത്തനങ്ങളുടെ സുരക്ഷാ മനദണ്ഡങ്ങൾ തൊഴിലാളികൾ പാലിക്കുന്നുണ്ടെന്ന് അധികൃതർ ഉറപ്പ് വരുത്തുന്നു.

വടക്കാഞ്ചേരി ചരൽപറമ്പിലെ ഫ്ളാറ്റ് നിർമ്മാണ പ്രവൃത്തി ഏപ്രിൽ 20ന് തുടങ്ങിയിരുന്നു. ഫ്ളാറ്റിന്റെ നിർമ്മാണത്തിനായി 60 അതിഥി തൊഴിലാളികൾ തൊഴിലിടങ്ങളോട് ചേർന്ന് താമസിച്ചിരുന്നു. ഇവരെ ഉപയോഗിച്ചാണ് നിർമ്മാണം പുരോഗിമിക്കുന്നത്. ഒന്നിടവിട്ട ദിവസങ്ങളിൽ 30 പേരെ നിയോഗിച്ചാണ് പണി നടത്തുന്നത്. പരമാവധി അസംസ്കൃത വസ്തുകൾ കൊണ്ടുവന്ന് പണി മുന്നോട്ട് കൊണ്ടുപോകാൻ ശ്രമിക്കുന്നതായി ജില്ലാ ലൈഫ് മിഷൻ കോഡിനേറ്റർ ലിൻസ് ഡേവിസ് പറഞ്ഞു.

# പുത്തൻചിറയിൽ കർഷകർക്ക് കാംകോയുടെ സഹായം; സൗജന്യമായി നെല്ല് കൊയ്തു കൊടുത്തു

പുത്തൻചിറയിലെ പാടശേഖരങ്ങളിൽ കൊയ്ത്ത് മെതിയന്ത്രം ഇറക്കാൻ കഴിയാതെ പ്രതിസന്ധിയിലായ കർഷകർക്ക് കാംകോയുടെ സഹായം. കാംകോയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരും ടെക്നീഷ്യന്മാരും ചേർന്ന് കൊയ്ത്തുയന്ത്രം ഉപയോഗിച്ച് പാകമായ നെല്ല് സൗജന്യമായി കൊയ്തു കൊടുക്കുകയായിരുന്നു. കല്ലന്തറ-ചേന്ദങ്കിരി പാടശേഖരത്തിൽ പുഞ്ചകൃഷി ഇറക്കിയ കർഷകരാണ് പാകമായ നെല്ല് കൊയ്തെടുക്കാനാകാതെ ബുദ്ധിമുട്ടിലായത്. പാടശേഖരം മുഴുവനായി കൊയ്ത്തിന് പാകമാകാത്തതിനാൽ കൊയ്ത്ത് മെതിയന്ത്രം ഇറക്കാൻ സാധിക്കാത്തതാണ് ഇവർക്ക് വിനയായത്. ഈ സാഹചര്യത്തിലാണ് കാംകോയുടെ സഹായം കർഷകർക്ക് തുണയായത്.

കൊയ്ത്തുത്സവം അഡ്വ വി ആർ സുനിൽകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്തു. പുത്തൻചിറ പഞ്ചായത്ത് പ്രസിഡന്റ് വി എ നദീർ, കാംകോ ഉദ്യോഗസ്ഥരായ എം ആർ സുരാജ്, പി കെ ഗോപാലകൃഷ്ണൻ, രതീഷ് എന്നിവർ കൊയ്ത്തിന് നേതൃത്വം നൽകി.

***ഫോട്ടോ അടിക്കുറിപ്പ്: പുത്തൻചിറയിലെ പാടശേഖരങ്ങളിൽ കൊയ്ത്തുത്സവം അഡ്വ വി ആർ സുനിൽകുമാർ എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു***

# ജെപിഎച്ച്എൻ ഒഴിവ്

ജില്ലയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജൂനിയർ പബ്ലിക് ഹെൽത്ത് നഴ്സുമാരെ നിയമിക്കുന്നു. എസ്എസ്എൽസിയും നഴ്സിംഗ് ഡിപ്ലോമയും (എഎൻഎം) ആണ് യോഗ്യത. പ്രായപരിധി 60 വയസ്സ്. താൽപര്യമുള്ളവർ മെയ് 9 വൈകീട്ട് മൂന്ന് മണിക്കകം അപേക്ഷ ബയോഡാറ്റ സഹിതം dmohtsr@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയച്ച് താഴെ പറയുന്ന ഫോൺ നമ്പറുകളിൽ മെയ് 9 രാവിലെ 10 നും വൈകീട്ട് 4 നും ഇടയിൽ ബന്ധപ്പെടണം. ഫോൺ: 9446621901, 9496248772.

# തോട്ടം തൊഴിലാളികൾക്കുള്ള ധനസഹായം

ജില്ലയിലെ ചെറുകിട തോട്ടം തൊഴിലാളി ക്ഷേമനിധി ബോർഡ് അംഗങ്ങളായ തൊഴിലാളികൾ അവരുടെ പേര്, അംഗത്വ നമ്പർ, ആധാർ, ഫോൺ, ബാങ്ക്, ബാങ്ക് അക്കൗണ്ട് നമ്പർ, ഐഎഫ്എസ്സി എന്നീ വിവരങ്ങൾ 9895473444 എന്ന വാട്ട്സ് അപ്പ് നമ്പറിൽ 2 ദിവസത്തിനുള്ളിൽ അയ്ക്കണമെന്ന് ആലുവ പ്ലാന്റേഷൻ ഇൻസ്പെക്ടർ അറിയിച്ചു.

## പാലക്കഴയിലെ തടസ്സങ്ങൾ മാറ്റാൻ കളക്ടറുടെ ഉത്തരവ്

കാലവർഷത്തിൽ അന്തിക്കാട്, ചാഴൂർ, മണലൂർ പഞ്ചായത്തുകളിലെ നൂറ് കണക്കിന് വീടുകൾക്ക് വെള്ളപ്പൊക്ക ഭീഷണിയായി മാറിയ കാഞ്ഞാണി പാലക്കഴയിലെ തടസ്സം നീക്കം ചെയ്യുന്നതിന് ജില്ലാകളക്ടറുടെ ഇടപെടൽ. അന്തിക്കാട് പഞ്ചായത്ത് പ്രസിഡന്റ് എ വി ശ്രീവത്സൻ നൽകിയ പരാതിയിലാണ് കളക്ടറുടെ നടപടി.

അന്തിക്കാട്, ചാഴൂർ, കോൾ പാടശേഖരങ്ങളിലെ വെള്ളം ഒഴുകിപോകേണ്ട ഹൈ ലെവൽ കനാലിൽ അടിഞ്ഞുകൂടിയ മണ്ണും കല്ലും ക്വാറി, കെട്ടിട അവശിഷ്ടങ്ങളും നീക്കണമെന്ന് കേരള ലാൻഡ് ഡവലപ്മെൻറ് കോർപ്പറേഷന് ജില്ല കളക്ടർ നിർദ്ദേശം നൽകി. പാലക്കഴ മുതൽ ഏനാമാക്കൽ ഫെയ്സ് കനാൽ വരെയുള്ള മുഴുവൻ തടസ്സങ്ങളും ഒഴിവാക്കണമെന്നും കളക്ടറുടെ ഉത്തരവിലുണ്ട്. ഇതോടെ കാലവർഷക്കാലത്ത് വെള്ളപ്പൊക്ക ഭീഷണിയിൽ കഴിയുന്ന നൂറുകണക്കിന് വീട്ടുകാർക്ക് ആശ്വാസമാവുകയാണ്.

പുള്ള്, ആലപ്പാട്, പുറത്തൂർ പ്രദേശങ്ങളിലെ മുഴുവൻ മഴവെള്ളവും അന്തിക്കാട് കോൾ പാടശേഖരത്തിലെത്തി കാഞ്ഞാണിയിലെ പാലക്കഴയിലൂടെ കടന്നു വേണം ഒഴുകി ഏനാമക്കൽ റെഗുലേറ്ററിലൂടെ കടലിലെത്താൻ. ഉപയോഗിക്കുന്ന കഴകൾ പലകകൾ ഉപയോഗിച്ച് ആശ്യാനുസരണം അടയ്ക്കുകയും തുറക്കുകയും ചെയ്യുന്ന സംവിധാനമാണ് വേണ്ടത്. എന്നാൽ ഇവിടെ മണ്ണും കല്ലും അടിഞ്ഞ് കിടക്കുന്നതിനാൽ പലകകൾ ഉയർത്താൻ കഴിയാത്ത സ്ഥിതിയാണ്. അതിവർഷം ഉണ്ടാകുന്ന സമയങ്ങളിൽ ഓരോ പാടശേഖരങ്ങളും പൊതു താൽപര്യം കണക്കിലെടുത്ത് കൃഷിയിറക്കണമെന്ന് കളക്ടർ നിർദ്ദേശിച്ചു. ഇതിനാവശ്യമായ ക്രമീകരണങ്ങൾക്ക് പ്രിൻസിപ്പൽ കൃഷി ഓഫീസറെ ചുമതലപ്പെടുത്തിയതായും കളക്ടർ പറഞ്ഞു.

കഴിഞ്ഞ രണ്ട് പ്രളയത്തിലും ഈ മേഖലയിലെ വീടുകൾ വെള്ളത്തിലായതിന് കാരണം പാലക്കഴയിലെ തടസമായിരുന്നു. മണലൂർ, അന്തിക്കാട് ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാരും മറ്റ് ജനപ്രതിനിധികളും, പടവ് കമ്മിറ്റി ഭാരവാഹികൾ, ഉദ്യോഗസ്ഥർ തുടങ്ങിയവരും ജില്ലാ കളക്ടർക്ക് പരാതി നൽകിയതിന്റെ അടിസ്ഥാനത്തിലുള്ള ചർച്ചയാണ് ഫലം കണ്ടത്.

## ദർഘാസ്

തൃശൂർ സോഷ്യൽ ഫോറസ്ട്രി ഡിവിഷനു കീഴിലുള്ള തൃശൂർ, ചാലക്കുടി റെയ്ഞ്ചുകളിലെ വിവിധ നഴ്സറികളിൽ 31000 ചെറിയ കൂടതൈകളുടെ വിതരണത്തിന് ദർഘാസ് ക്ഷണിച്ചു. ദർഘാസ് സ്വീകരിക്കുന്ന അവസാന തീയതി മെയ് 15. ഫോൺ: 0487 2320609, 9447979144.

## ഹെൽത്ത് ഇൻസ്പെക്ടർ നിയമനം

ജില്ലയിൽ താൽക്കാലികാടിസ്ഥാനത്തിൽ ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർമാരെ നിയമിക്കുന്നു. പ്ലസ് ടുവും ഹെൽത്ത് ഇൻസ്പെക്ടർ ഡിപ്ലോമയും ആണ് യോഗ്യത. പ്രായപരിധി 56 വയസ്സ്. താൽപര്യമുള്ളവർ അപേക്ഷ, ബയോഡാറ്റ, യോഗ്യത, പ്രവർത്തിപരിചയം എന്നിവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് സഹിതം മെയ് 9 രാവിലെ 10 നും വൈകീട്ട് 4 നും ഇടയിൽ dmohtsra5@gmail.com എന്ന ഇ-മെയിൽ വിലാസത്തിൽ അയ്ക്കണം. ഫോൺ: 0487 2333050, 9400408120.

## ക്വാറന്റൈൻ സൗകര്യമൊരുക്കി പുന്നയൂർക്കുളം പഞ്ചായത്ത്

അയൽ സംസ്ഥാനങ്ങളിൽ നിന്ന് തിരികെ നാട്ടിലേക്ക് വരുന്നവർക്ക് നിരീക്ഷണത്തിലിരിക്കാൻ സൗകര്യമൊരുക്കി പുന്നയൂർക്കുളം പഞ്ചായത്ത്. കഴിഞ്ഞ ദിവസങ്ങളിലായി ആറ് പേർ എത്തിയിട്ടുണ്ട്. അഞ്ചുപേർ സ്വന്തം വീടുകളിൽ നിരീക്ഷണത്തിൽ കഴിയുന്നു. ഒരാൾ പഞ്ചായത്ത് പ്രതിഭാ കോളേജിൽ ഒരുക്കിയ ക്വാറന്റൈനിലാണുള്ളത്. വിമാന സർവ്വീസുകൾ പുനരാരംഭിച്ച് നാട്ടിൽ തിരിച്ചെത്തുന്ന പ്രവാസി സുഹൃത്തുക്കൾക്കും ക്വാറന്റൈൻ സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ നിർദ്ദേശങ്ങൾ അനുസരിച്ച് വീടുകളിൽ നിരീക്ഷണത്തിൽ കഴിയാൻ അസൗകര്യം ഉള്ളവർക്ക് ആവശ്യമായ താമസസൗകര്യങ്ങൾ

പഞ്ചായത്ത് ഒരുക്കിയിട്ടുണ്ടെന്ന് പുന്നയൂർക്കുളം പഞ്ചായത്ത് പ്രസിഡന്റ് എ. ഡി ധനീപ് അറിയിച്ചു.
***ഫോട്ടോ അടിക്കുറിപ്പ്: ക്വാറന്റൈൻ സൗകര്യമൊരുക്കിയ പുന്നയൂർക്കുളം പഞ്ചായത്ത്***

## കൊടുങ്ങല്ലൂരിൽ കുടിവെള്ളവിതരണം പുനരാരംഭിച്ചു

പൈപ്പ് പൊട്ടിയതിനെ തുടർന്ന് കൊടുങ്ങല്ലൂരിൽ തടസ്സപ്പെട്ട കുടിവെള്ളവിതരണം പുനരാരംഭിച്ചു. പുല്ലൂറ്റ് വില്ലേജിലാണ് വ്യാഴാഴ്ച 12 മണിയോടെ കുടിവെള്ള വിതരണം പുനരാരംഭിച്ചത്. ലോകമലേശ്വരം വില്ലേജിലേക്കുള്ള വിതരണം രണ്ടുദിവസം കൂടി വൈകും. വൈന്തല ജലശുദ്ധീകരണ ശാലയിൽ നിന്ന് പുല്ലൂറ്റ് നാരായണമംഗലത്തുള്ള ജലസംഭരണിയിലേക്ക് കുടിവെള്ളം എത്തിക്കുന്ന 350 എംഎം ക്ലാസ് അയൺ പൈപ്പ് വെള്ളൂർ ഭാഗത്ത് തകർന്നതിനെ തുടർന്നാണ് കുടിവെള്ള വിതരണം നിർത്തി വെച്ചത്. പുല്ലൂറ്റ്, ലോകമലേശ്വരം വില്ലേജുകളിലെ ആറായിരത്തോളം വീടുകളിലേക്കും 650 ഓളം പൊതു ടാപ്പുകളിലേക്കുമാണ് പുല്ലൂറ്റ് നിന്ന് കുടിവെള്ളം വിതരണം ചെയ്യുന്നത്. നാരായണമംഗലം ജലസംഭരണി യിലേക്കുള്ള കുടിവെള്ള കുഴലുകൾ അറ്റകുറ്റപ്പണികൾ നടത്തിയാണ് പമ്പിങ് ആരംഭിച്ചത്.

അറ്റകുറ്റപ്പണികൾക്ക് ശേഷം 150 എച്ച്പി മോട്ടോർ ഉപയോഗിച്ചാണ് പമ്പിങ് ആരംഭിച്ചത്. 18 ലക്ഷം ലിറ്റർ സംഭരണശേഷിയുള്ള ജലസംഭരണി നിറയണമെങ്കിൽ തുടർച്ചയായി 15 മണിക്കൂർ നേരം പമ്പിങ്ങ് നടത്തണം. സംഭരണി നിറഞ്ഞാൽ മാത്രമാണ് കുടിവെള്ളവിതരണം സാധ്യമാകുന്നത്. ഇത്തരത്തിൽ ബുധനാഴ്ച വൈകീട്ട് മൂന്ന് മണിയോടെ പമ്പിങ്ങ് നടത്തിയതിനുശേഷമാണ് കുടിവെള്ള വിതരണം കൊടുങ്ങല്ലൂരിൽ പുനരാരംഭിച്ചത്.

## തുടരും